

THURSDAY 03/07/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 3/07/2025

1. നബാർഡ് RIDF -TRANCHE-27 പദ്ധതിയിൽ ഉൾപ്പെടുത്തി കാസർകോട് ജില്ലയിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മഞ്ചേശ്വരം ബ്ലോക്കിൽപെട്ട പുത്തിഗെ കൃഷിഭവനായി പണിത സ്മാർട്ട് കൃഷിഭവൻ കെട്ടിടത്തിന്റെ ഉദ്ഘാടനം 11.07.2025 വെള്ളിയാഴ്ച കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി.പ്രസാദ് നിർവ്വഹിക്കുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ 2025 – 26 അധ്യയന വർഷത്തെ പി എച്ച് ഡി / മാസ്റ്റേഴ്സ് / പി ജി ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക്(ആർ.എഫ് .മോഡ്) അപേക്ഷിക്കുന്നതിനുള്ള 04.06.2025 ലെ വിജ്ഞാപനം) അവസാനതീയതി 31.07.2025 വരെ നീട്ടിയിരിക്കുന്നു. വിശദ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവ്വകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ ഓഫീസ് സമയത്തു (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

3. വളർത്തുമൃഗങ്ങൾക്ക് കാര്യക്ഷമമായ ചികിത്സ ഉറപ്പാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പൊരുക്കിയ മൊബൈൽ വെറ്ററിനറി സർജറി യൂണിറ്റ് ആലപ്പുഴ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി നിർവഹിച്ചു. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ജില്ലാ വെറ്ററിനറി

കേന്ദ്രത്തിലും തെരഞ്ഞെടുത്ത അഞ്ചു സ്ഥാപനങ്ങളിലുമാണ് നിലവിൽ മൊബൈൽ വെറ്ററിനറി സർജറി യൂണിറ്റിന്റെ സേവനം ലഭ്യമാകുക. വാഹനത്തിൽ രണ്ട് ഡോക്ടർമാർ, ഡ്രൈവർ കം അറ്റൻഡർ, ശസ്ത്രക്രിയ ഉപകരണങ്ങൾ തുടങ്ങിയ സജ്ജീകരണങ്ങളാണുള്ളത്. റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. ഞായർ ഒഴികെ യുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെയാണ് പ്രവർത്തനം. ബുക്കു ചെയ്യുന്നതിനായി 1962 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടുക.

4. ക്ഷീര വികസന വകുപ്പിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ മിൽക്ക് ഷെഡ് വികസന പദ്ധതിയിലെ കിടാരി പാർക്ക് (വ്യക്തിഗതം/ഗ്രൂപ്പ്) പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചു. ജൂലായ് പത്തിനുള്ളിൽ അപേക്ഷ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുകളിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടണം. ഫോൺ: 0483 2734944

5. കാർഷികസർവകലാശാലയുടെ കീഴിലുള്ള തവനൂർ കാർഷിക എഞ്ചിനീയറിങ് & ഫുഡ് ടെക്നോളജി കോളേജിലെ സുരക്ഷ ജോലികൾ (സെക്യൂരിറ്റി ഗാർഡ്) ഒരു വർഷക്കാലം എറ്റെടുത്ത് നിർവ്വഹിക്കുന്നതിന് യോഗ്യതയുള്ള ഏജൻസികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾലഭിക്കേണ്ട അവസാന തിയതി 15.07.2025 ന് ഉച്ചയ്ക്ക് 1 മണി. വിശദ വിവരങ്ങൾ അറിയുന്നതിന് www.kau.in,

kcaet.kau.in എന്നീ വെബ്സൈറ്റുകളിലോ 0494-2686214 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

6. ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഇൻസുലേറ്റഡ് ഫിഷ് ഹോൾഡിംഗ് ബോക്സുകൾ, വീട്ടുവളപ്പിൽ പടുതാ കുളങ്ങളിൽ മത്സ്യകൃഷി, മത്സ്യസെന്റർ റെഡി ടു ഈറ്റ് ആൻഡ് കുക്ക് എന്നീ പദ്ധതികൾക്കായി അപേക്ഷകൾ ക്ഷണിച്ചു. രജിസ്റ്റേഡ് മത്സ്യത്തൊഴിലാളികൾ/അനുബന്ധ മത്സ്യത്തൊഴിലാളികൾ, കുടുംബശ്രീ, സ്വയംസഹായസംഘം, ജെ. എൽ.ജി വിഭാഗങ്ങളിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ബന്ധപ്പെട്ട പഞ്ചായത്തുകളിലെ മത്സ്യഭവനുകളിൽ സമർപ്പിക്കണം. അവസാന തീയതി ജൂലൈ അഞ്ച്. കൂടുതൽ വിവരങ്ങൾക്ക് : 0471-2450773.

## പരിശീലന പരിപാടി

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "ശാസ്ത്രീയ രീതിയിൽ അച്ചാർ നിർമ്മാണം" എന്ന വിഷയത്തിൽ 2025 ജൂലൈ 8ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ കർഷകർക്ക് പരിശീലനം നൽകുന്നു. താറാവ് വളർത്തൽ, (ജൂലൈ 9, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) ആട് വളർത്തൽ, (ജൂലൈ 15, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) പോത്ത് വളർത്തൽ (ജൂലൈ 22, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) കാട വളർത്തൽ, (ജൂലൈ 29, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) ഫോൺ: 0469 2965535.

3. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ജൂലായ്** 10, 11 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക

4. **<u>കാർഷിക നിർദേശം</u>**

നെല്ല് പറിച്ചു നടീൽ

പാടത്തു നിന്നും വെള്ളവും വളവും ഒഴുകി നഷ്ടപ്പെടാതിരിക്കാൻ വരമ്പുകളിലെ ദ്വാരങ്ങളെല്ലാം ചെളി ഉപയോഗിച്ച് അടക്കുക. നടുന്നതിന് മുൻപ് സ്യൂഡോമോണസ് ലായനിയിൽ (250 ഗ്രാം 750 മില്ലി വെള്ളത്തിൽ) ഞാറിന്റെ വേരുകൾ 20 മിനിട്ടു നേരം മുക്കി വെയ്ക്കുന്നത് പോള രോഗബാധ തടയുന്നതിനും നന്നായി വേരുകൾ വളരുന്നതിനും സഹായകമാകും. പറിച്ചുനടുന്ന സമയത്ത് മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിനു 400 ഗ്രാം യൂറിയ, 900 ഗ്രാം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ് ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷും അടിവളമായി ചേർത്ത് കൊടുക്കണം. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനുശേഷം മാത്രമേ ഞാറുകൾ പറിച്ചുനടാൻ പാടുള്ളൂ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം